തിരുമുൽപാട് ഫൌണ്ടേഷൻ

2018 ഡിസംബർ ലക്കം

# വൈദ… വാദം



വൈദ്യഭൂഷണം
കെ. രാഘവൻ തിരുമുൽപാട് ഫൌണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്

തുടർച്ച

അഷ്ടാംഗഹൃദയം

സൂത്രസ്ഥാനം

ഒന്നാമധ്യായം

# ആയുഷ്ക്കാമീയം

രണ്ടാം ഭാഗം

# വിവൃതി വ്യാഖ്യാനം

വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപാട്

***ആയുഃകാമയമാനേന ധർമ്മാർത്ഥസുഖസാധനം***
***ആയുർവേദോപദേശേഷു വിധേയഃ പരമാദരഃ***

*ധർമ്മാർത്ഥസുഖസാധനം ആയുഃ കാമയമാനേന* (ധർമ്മം അർത്ഥം സുഖം എന്നീ പുരുഷാർത്ഥങ്ങൾക്കു സാധനമായ, ഉപായമായ, ആയുസ്സിനെ ആഗ്രഹിക്കുന്നവനാൽ) *ആയുർവേദോപദേശേഷു* (ആയുർവേദോപദേശങ്ങളിൽ) *പരമാദരഃ വിധേയഃ* (പരമായ ആദരം ചെയ്യപ്പെടേണ്ടതാകുന്നു)

ധർമ്മവും അർത്ഥവും സുഖവും പുരുഷാർത്ഥങ്ങൾ ആകുന്നു. പുരുഷശബ്ദം ഇവിടെ സാമാന്യമായി മനുഷ്യനെക്കുറിയ്ക്കുന്നു എന്നു പറയാം. ജീവിതംകൊണ്ടു സാധിയ്ക്കേണ്ടതാണ് പുരുഷാർത്ഥങ്ങൾ. അർത്ഥമെന്നതു നേടലും, സുഖമെന്നതു അനുഭവിയ്ക്കലുമാകുന്നു. ആർക്കും എന്തും എങ്ങനെയും നേടാനും ഇഷ്ടംപോലെ അനുഭവിയ്ക്കാനും അവകാശമില്ല. അർത്ഥസുഖങ്ങളെ സംബന്ധിച്ച വിധി

നിഷേധങ്ങളും, അവയ്ക്ക് അടിയിലുള്ള തത്വങ്ങളും ധർമ്മമെന്ന ശബ്ദംകൊണ്ടുദ്ദേശിയ്ക്കപ്പെടുന്നു. അനേകം വ്യക്തികൾ അടങ്ങുന്ന കുടുംബത്തിലും, അനേകം കുടുംബങ്ങൾ അടങ്ങുന്ന സമൂഹത്തിലും, തൻകാര്യം (സ്വാർത്ഥം മാത്രം) മാത്രം നോക്കിക്കൊണ്ടുള്ള ജീവിതം ക്ഷേമത്തിന്നു കാരണമാവുകയില്ല. വ്യക്തിപരമായി സുഖമെന്നു പറയുന്നതു തന്നെയാണ്, കുടുംബപരവും സാമൂഹികവുമായി ക്ഷേമമെന്നു പറയപ്പെടുന്നത്. അധികം വ്യക്തികളും അധികം കുടുംബവുമടങ്ങുന്ന സംഘത്തെ യോഗമെന്നു പറയുന്നു. യോഗത്തിന്റെ ക്ഷേമത്തിലേ ഓരോ കുടുംബത്തിന്റെയും ഓരോ വ്യക്തിയുടേയും സുഖം അനുഭവപ്പെടുകയുള്ളൂ. അതിന്നുതക്കവണ്ണമുള്ള പെരുമാറ്റമാണു ധർമ്മംകൊണ്ടുദ്ദേശിയ്ക്കുന്നതെന്നു കരുതാം. പുത്രധർമ്മം, പിതൃധർമ്മം, പ്രജാധർമ്മം, രാജധർമ്മം, ഭാര്യാധർമ്മം, ഭർത്തൃധർമ്മമെന്നെല്ലാം പറയപ്പെടുന്നുണ്ടല്ലോ. ഓരോരുത്തനെ സംബന്ധിച്ചും പ്രസക്തമായ വിധത്തിൽ ധർമ്മത്തിന്നു വിധേയമായിട്ടാണ് അർത്ഥവും സുഖവും സാധിയ്ക്കപ്പെടേണ്ടതും. അങ്ങനെ ധർമ്മത്തിനൊത്തവിധം അർത്ഥസുഖങ്ങളെ സാധിയ്ക്കുകയാണ് ജീവിതത്തിന്റെ പ്രയോജനം. അനുഭവം സുഖാത്മകമാകണമെങ്കിൽ ജീവിതം ധർമ്മത്തിൽ അധിഷ്ഠിതമാകണം.

*സുഖം ച ന വിനാ ധർമ്മാൽ*

എന്നു സ്വസ്ഥവൃത്തത്തിൽ പറയപ്പെടുന്നുണ്ട്. എന്തും അങ്ങനെയായാൽ സുഖകരമാകുമെന്ന് ഉള്ളതാണു ധർമ്മം. ശരീരത്തിന്നു നിലനിൽക്കുന്നതിന്നു ഭക്ഷണം വേണമല്ലോ. എന്തും എങ്ങനെയും ഭക്ഷിയ്ക്കുന്നതു കൊണ്ട് ശാരീരികമായ സുഖമായ ആരോഗ്യം അനുഭവപ്പെടുന്നില്ല, ദുഃഖമെന്ന പര്യായം തന്നെയുള്ള രോഗം ബാധിയ്ക്കും.

*സുഖസംജ്ഞകമാരോഗ്യം വികാരോ ദുഃഖമേവ ച*

ഭക്ഷണം പോലെ ജീവിതത്തിൽ അനേകം കാര്യങ്ങൾ പ്രസക്തമാണല്ലോ. അവയെല്ലാം സുഖപ്രദങ്ങളാകുന്നതിന്നു മൗലികങ്ങളായ നിയമങ്ങളെ അനുസരിക്കേണ്ടതുണ്ട്. അവയെല്ലാം തന്നെ ധർമ്മമെന്ന പദത്തിന്റെ നിർവ്വചനത്തിൽപ്പെടുന്നു. വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തെ സുഖകരമാക്കിത്തീർക്കുന്നതിന്നുള്ള നിയമങ്ങളെ ആചാരങ്ങളെന്നു പറയുന്നു. അവ ആയുസ്സിന്റെ വേദമെന്നപോലെ ജീവിതത്തിന്റെ ശാസ്ത്രവുമായ ആയുർവേദത്തിൽ ഋതുചര്യയും ദിനചര്യയുമടങ്ങുന്ന ആരോഗ്യത്തെ സംബന്ധിച്ച അനുഷ്ഠാനങ്ങളെ വിവരിയ്ക്കുന്ന സ്വസ്ഥവൃത്തത്തിൽ പറയപ്പെടുന്നു. വേദമെന്നത് അറിവും ശാസ്ത്രമെന്നത് യുക്തിയുമാകുന്നു. സ്വജീവിതത്തെ സംബന്ധിയ്ക്കുന്നതിൽക്കവിഞ്ഞ ഒരു താല്പര്യം ധർമ്മത്തിനുണ്ട്. വ്യക്തിപരമായ സുഖത്തിൽക്കവിഞ്ഞു സാമൂഹികമായ സുഖത്തിന്നു വേണ്ടി അവനവന്റെ ശരീരംകൊണ്ടും, മനസ്സുകൊണ്ടും ധനംകൊണ്ടും കഴിവിനൊത്തു പ്രവർത്തിക്കുന്നതും ധർമ്മമാകുന്നു. മറ്റുള്ളവരുടെ ദുഃഖത്തെ തീർക്കുക, അവശതയെ പരിഹരിയ്ക്കുക, പൊതുവായ സൗകര്യത്തെ വർദ്ധിപ്പിക്കുക എന്നതെല്ലാമാണ് അങ്ങനെയുള്ള ധർമ്മത്തിന്റെ സ്വഭാവം.

ഇതെല്ലാം സമൂഹത്തിലെയും കുടുംബത്തിലെയും അംഗം എന്ന നിലയിൽ പുരുഷനെന്നപോലെ സ്ത്രീയ്ക്കും ഒഴിച്ചുകൂടാത്തതാണ്. എന്നാൽ ശാരീരികവും മറ്റുമായ പ്രത്യേകതകൾ നിമിത്തം ഈ വിഷയത്തിൽ പുരുഷനുള്ള സ്വാതന്ത്ര്യം സ്ത്രീയ്ക്കില്ല. സ്വാതന്ത്ര്യം എന്നതിന്നു കർത്തവ്യം എന്ന് താൽപര്യമാകുന്നു. സ്വാതന്ത്ര്യമില്ല എന്നതിന്നു പുരുഷസഹായം കൂടാതെ ജീവിയ്ക്കാൻ കഴിയുന്നില്ല എന്ന് താൽപര്യം. അതു പുരുഷൻ ഉണ്ടാക്കിയ നിയമംകൊണ്ടല്ല. പ്രകൃതിപരമായ പ്രത്യേകതകൊണ്ടാകുന്നു. ധീരതയോടെ പ്രവർത്തിയ്ക്കുന്നതിന്നു പൗരുഷം എന്നു പറയുന്നുല്ലോ. പ്രകൃതിപരമായ

ആ പരിമിതികൾകൊണ്ടു കുടുംബത്തിലെ കർത്തവ്യവിഭജനത്തിന്റെ അർത്ഥസമ്പാദനം മുതലായവ സാമാന്യമായി പുരുഷന്റെയും സന്താന സംരക്ഷണാദികൾ സ്ത്രീയുടേയും ധർമ്മമായി പരിഗണിയ്ക്കപ്പെട്ടകാലത്തെ വീക്ഷണം വെച്ച് പുരുഷാർത്ഥമെന്ന പദത്തിന്റെ പുരുഷന്റെ അർത്ഥമെന്ന താൽപര്യവും സിദ്ധമാകുന്നു. യുദ്ധത്തിൽ മുൻനിരയിൽ നിൽക്കേണ്ടിയിരിയ്ക്കുന്നത് സാമാന്യമായി പുരുഷന്മാരാണല്ലോ. അതുകൊണ്ട്

*ന സ്ത്രീ സ്വാതന്ത്ര്യമർഹതി*

എന്ന പോലെയുള്ള വാക്യങ്ങൾക്ക് സ്ത്രീകളെ സംരക്ഷിക്കുക എന്ന വിശേഷകർത്തവ്യം പുരുഷന്മാർക്കുണ്ട് എന്നപോലെയുള്ള താല്പര്യത്തെ ധരിയ്ക്കേണ്ടതുണ്ട്. ആയുർവേദത്തിലെ ചില വിധികളെ ചൂണ്ടിക്കാണിച്ച്, ആ ശാസ്ത്രം സ്ത്രീവിദ്വേഷപരമാണെന്ന് പലപ്പോഴും ആക്ഷേപിക്കാറുള്ളതുകൊണ്ട് മാന്യമായൊരു സമാധാനമായി ഇത്രയും വിസ്തരിച്ചതാകുന്നു.

ഇങ്ങനെയുള്ള ധർമ്മാർത്ഥസുഖങ്ങളെ സാധിയ്ക്കുന്നതിനുള്ള ഉപകരണമായ ശരീരത്തിന്റെ കർമ്മക്ഷമതയാണു ആരോഗ്യം. ആരോഗ്യത്തോടുകൂടിയുള്ള ജീവിതമാണ് ആയുർവേദത്തിലെ ആയുസ്സ് എന്ന പദംകൊണ്ടുദ്ദേശിയ്ക്കപ്പെടുന്നത്. ആരോഗ്യത്തോടുകൂടിയ ജീവിതമാണ്, അതിന്നുള്ള ഉപായമാണ് ആയുർവേദത്തിലെ വിഷയം. അതുകൊണ്ട് ആയുർവേദത്തിലെ ഉപദേശങ്ങളെ, ആയുസ്സിനു വേണ്ടി ആദരിയ്ക്കുകയും ആചരിയ്ക്കുകയും വേണം. അധീതിബോധാചരണങ്ങൾകൊണ്ടാണ് ഉപദേശങ്ങളെ ആദരിക്കേണ്ടത്. പഠിച്ചും അറിഞ്ഞും ആചരിച്ചും പ്രചരിപ്പിച്ചുമാണ് എന്നു താല്പര്യം. ഉപദേശം എന്നതിന്നു ഗ്രന്ഥങ്ങൾ എന്നും (*ഉപദിശ്യന്തേ ഏഭിഃ*) എന്നുമർത്ഥമുണ്ട്. ഏതു ഗ്രന്ഥത്തിന്നും അതിന്റേതായ പരിമിതിയുണ്ടാവും.

ഗ്രന്ഥകർത്താവിന്റെ പരിമിതിയാണതിന്നു കാരണം. അതുകൊണ്ട് പ്രത്യേക വിഷയങ്ങളിൽ പ്രാധാന്യത്തോടുകൂടിയ ഗ്രന്ഥങ്ങൾ പരിശോധിച്ചു വിഷയത്തെ സമഗ്രമായി ധരിയ്ക്കണമെന്ന് *ഉപദേശേഷു* എന്ന ബഹുവചനം സൂചിപ്പിക്കുന്നു. അഷ്ടാംഗഹൃദയം നിഷ്ക്കർഷിച്ചു പഠിയ്ക്കുക. അതു വിഷയത്തിൽ വിശേഷജ്ഞാനത്തിന്നു വേണ്ടി മറ്റു ഗ്രന്ഥങ്ങളെയും പരിശോധിയ്ക്കുകയാണ് എന്ന് പ്രായോഗികമായ താൽപര്യം ഇവിടെ സൂചിപ്പിയ്ക്കപ്പെടുന്നു.

ജീവിതശാസ്ത്രം (biology) എന്ന നിലയിൽ ആയുർവേദം മനുഷ്യരുടെ മാത്രമല്ല, ജന്തുക്കളുടെയും, വൃക്ഷങ്ങളുടെയും ജീവിയ്ക്കുന്ന എല്ലാത്തിന്റെയും ജീവിതത്തെ വ്യാഖ്യാനിയ്ക്കുന്നതിനുള്ള സിദ്ധാന്തങ്ങളെ ഉൾക്കൊള്ളുന്നു. ഹസ്ത്യായുർവേദം, വൃക്ഷായുർവേദം തുടങ്ങിയവ ഉദാഹരണങ്ങൾ. അതുകൊണ്ട് ആയുർവേദമെന്ന ശബ്ദത്തെ ഇംഗ്ലീഷിലേക്ക് biology എന്നു തർജ്ജമ ചെയ്താൽ സാമാന്യമായി ശരിയായിരിക്കും.

പുരുഷാർത്ഥങ്ങൾ ധർമ്മാർത്ഥകാമമോക്ഷങ്ങൾ എന്ന നാലെണ്ണമെന്നു പറയാറുണ്ട്. അപ്പോൾ കാമം താല്ക്കാലികമായ, ലൗകികമായ സുഖമെന്നും, മോക്ഷം ആത്യന്തികമായ സുഖമെന്നും കരുതണം. ഇവിടെ ശ്രദ്ധേയമായ ഒരു വസ്തുതയുണ്ട്. എല്ലാവരുടെയും ജീവിതം, നേടിക്കൊണ്ടും അനുഭവിച്ചും കൊണ്ടാണ് നിർവ്വഹിയ്ക്കപ്പെടുന്നത്. മനുഷ്യരുടെ മാത്രമല്ല, ജന്തുക്കളുടെ ജീവനുള്ള എല്ലാത്തിന്റേയും തന്നെ ജീവിതം അങ്ങനെയാണ് സ്വാഭാവികമായി നടക്കുന്നത്. അനവധാനതകൊണ്ടും സാഹചര്യത്തിന്റെ പ്രാതികൂല്യം കൊണ്ടും ജീവിതത്തിൽ വരുന്ന തകരാറുകൾ ശരീരത്തിന്റെ സ്വസ്ഥതയെ നശിപ്പിക്കുന്നു. സ്വസ്ഥത, സ്വാഭാവികമായ അവസ്ഥയാണ് ആരോഗ്യം. അസ്വസ്ഥത, അസ്വാഭാവികമായ അവസ്ഥയാണ് രോഗം. എങ്ങനെ സ്വസ്ഥതയെ

നിലനിർത്താം, അസ്വസ്ഥതയെ പരിഹരിക്കാം, സ്വസ്ഥതയെ വീണ്ടെടുക്കാം എന്നുപദേശിക്കുന്നതാണ് ആയുർവേദം. മനസ്സിനെയും കൂടി ഉൾപ്പെടുത്തിയാണ് ആയുർവേദത്തിൽ സാമാന്യമായി ശരീരമെന്നു പറയുന്നത്. മനസ്സ് അസ്വസ്ഥമായിട്ട് ശരീരത്തിന്റെ സ്വസ്ഥതയും, ശരീരം അസ്വസ്ഥമായിട്ട് മനസ്സിന്റെ സ്വസ്ഥതയും അനുഭവപ്പെടുന്നില്ല. ആയുർവേദത്തിന്റെ വിധികളെല്ലാം തന്നെ ഈ വസ്തുതയെ മുൻനിർത്തിയാകുന്നു. അതുകൊണ്ടാണ് ആയുർവേദം സമഗ്രമായ ഒരു ശാസ്ത്രമാകുന്നത്.

ഗ്രന്ഥത്തിന്റെ ആരംഭത്തിൽ അനുബന്ധചതുഷ്ടയത്തെ സൂചിപ്പിക്കുക എന്നൊരു സമ്പ്രദായമുണ്ട്. വിഷയം, അധികാരി, പ്രയോജനം, സംബന്ധം എന്നിവയാണ് നാല് അനുബന്ധങ്ങൾ. ഈ ശ്ലോകംകൊണ്ട് അഷ്ടാംഗഹൃദയത്തിലെ അനുബന്ധചതുഷ്ടയം സൂചിതമായിരിക്കുന്നു. ഇവിടെ വിഷയം ആയുർവേദമാകുന്നു. അധികാരി ആയുഷ്ക്കാമനാകുന്നു. ആരെ ഉദ്ദേശിച്ചു ഗ്രന്ഥം രചിച്ചുവോ ആ ആളാണ് അധികാരി. അധികാരിയ്ക്കും യോഗ്യതയുണ്ടായിരിക്കണം. ഗ്രന്ഥത്തെ ആശ്രയിച്ചു വിഷയത്തെ ഗ്രഹിച്ചു അനുസരിക്കുകകൊണ്ട് സിദ്ധിയ്ക്കുന്ന ഫലമാണ് പ്രയോജനം. അതിവിടെ ആയുസ്സ്, ആരോഗ്യത്തോടുകൂടിയ ജീവിതം ആകുന്നു. സംബന്ധമെന്നത് ഗ്രന്ഥവും വിഷയവുമായുള്ള ബന്ധമാണ്. മൗലികമോ, വ്യാഖ്യാനമോ, സംഗ്രഹമോ, സംക്ഷേപമോ എന്നും മറ്റുമുള്ളതാണത്. അഷ്ടാംഗഹൃദയം നാതിസംക്ഷേപവിസ്തരമായി ആയുർവേദ സംബന്ധങ്ങളായ ഉപദേശങ്ങളെ സംഗ്രഹിച്ചിരിക്കുന്നു. പ്രതിപാദ്യപ്രതിപാദകഭാവമാണ് ഗ്രന്ഥവും വിഷയവും തമ്മിലുള്ള ബന്ധമെന്നു പറയാറുണ്ട്. ധർമ്മാർത്ഥസുഖങ്ങളാകുന്ന പ്രയോജനത്തോടു കൂടി ആയുസ്സിനെ നേടാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടി, ആയുർവേദോപദേശങ്ങളെ പ്രതിപാദിയ്ക്കുന്നു എന്നു താല്പര്യം. ഉപായോപേയഭാവമെന്നു പറയാം. ഉപായംകൊണ്ടു

സിദ്ധിയ്ക്കുന്നതാണ് ഉപേയം. ഉപേയം ഇവിടെ ആയുസ്സാണ്. ആയുസ്സിന്റെ സിദ്ധിയ്ക്കുവേണ്ടിയുള്ള വിധികളാണ് ഉപായം. ആ വിധികളാണ് അവബോധത്തിന്നു ഒഴിച്ചുകൂടാത്ത വിശദീകരണങ്ങളോടുകൂടി അഷ്ടാംഗഹൃദയത്തിൽ വിധിയ്ക്കപ്പെട്ടിരിയ്ക്കുന്നത്. തന്റെ ഉദ്ദേശത്തിന്നു പ്രയോജനപ്പെടുമെങ്കിലേ, ഏതു ജിജ്ഞാസുവും ഏതു ഗ്രന്ഥത്തിലും പരിശ്രമിയ്ക്കുകയുള്ളൂ. അതിന്നുവേണ്ടിയിട്ടാണ് ആരംഭത്തിൽത്തന്നെ അനുബന്ധചതുഷ്ടയത്തെ സൂചിപ്പിയ്ക്കുന്നത്. താൻ എന്തറിയാനാണോ ആഗ്രഹിയ്ക്കുന്നത് അതിന്ന് പ്രസ്തുത ഗ്രന്ഥം ഉതകുമോ എന്ന് അനുബന്ധചതുഷ്ടയത്തിന്റെ അറിവു സൂചന നൽകുന്നു. പ്രതിജ്ഞയെന്നും അതിനെപ്പറയാം. താൻ എന്താണ് ഈ ഗ്രന്ഥത്തിന്റെ രചനകൊണ്ടുദ്ദേശിയ്ക്കുന്നതെന്ന് മുൻകൂട്ടിത്തന്നെ ബോധിപ്പിയ്ക്കുന്നതാണ് പ്രതിജ്ഞ. ഉപക്രമം എന്നും പറയാം. ഉപക്രമത്തിൽ താൻ ചെയ്ത പ്രതിജ്ഞ പാലിക്കപ്പെട്ടുവോ എന്ന് വ്യക്തമാക്കുന്നതാണ് ഉപസംഹാരം.

*ഹൃദയമിവ ഹൃദയമേതത് സർവ്വായുർവേദവാങ്മയപയോധേഃ*
*കൃത്വാ യത് ശുഭമാപ്തം ശുഭമസ്തു പരം തതോ ജഗതഃ*

ആയുർവേദത്തെ സംബന്ധിക്കുന്ന എല്ലാ ഗ്രന്ഥങ്ങളുമാകുന്ന മഹാസമുദ്രത്തിന്റെ ഹൃദയം, സൂക്ഷ്മമായ താല്പര്യം മുഴുവൻ അടങ്ങുന്നതാണ് ഈ ഹൃദയം, അഷ്ടാംഗഹൃദയം. ഇതിനെ രചിയ്ക്കുകകൊണ്ടുണ്ടായ ശുഭം, പ്രയോജനം, ആകെത്തന്നെ ലോകത്തിന്റെ ശുഭത്തിന്നുവേണ്ടി ഞാൻ സമർപ്പിക്കുന്നു എന്നു വാഗ്ഭടൻ ഉപസംഹരിയ്ക്കുന്നു. മനുഷ്യൻ എന്തുകാര്യം ചെയ്യുന്നതിന്റേയും മൗലികമായ പ്രയോജനം ലോകത്തിന്റെ നന്മയാകുന്നു, നന്മയാകണം. അതിനിടയ്ക്കു സ്വാഭാവികമായി തന്റെ നന്മയും സമ്പന്നമായിരിക്കും എന്നു താല്പര്യം. ധർമ്മത്തിന്റെ പരമമായ അവസ്ഥയാണത്.

*ബ്രഹ്മാ സ്മൃത്വാ ऽയുഷോ വേദം പ്രജാപതിമജിഗ്രഹൽ*
*സോ ऽശ്വിനൗ തൗ സഹസ്രാക്ഷം സോ ऽത്രിപുത്രാദികാൻ മുനീൻ*
*തേ ऽഗ്നിവേശാദികാംസ്തേതു പൃഥക് തന്ത്രാണി തേനിരേ*

*ബ്രഹ്മാ ആയുഷഃ വേദം സ്മൃത്വാ പ്രജാപതിം അജിഗ്രഹൽ* (ബ്രഹ്മാവു ആയുസ്സിന്റെ വേദത്തെ സ്മരിച്ചിട്ടു പ്രജാപതിയെ ഗ്രഹിപ്പിച്ചു.) *സഃ അശ്വിനൗ അജിഗ്രഹൽ* (പ്രജാപതി അശ്വിനീകുമാരന്മാരെ ഗ്രഹിപ്പിച്ചു) *തൗ സഹസ്രാക്ഷം അജിഗ്രഹതാം* (അവർ ദേവേന്ദ്രനെ ഗ്രഹിപ്പിച്ചു) *സഃ അത്രിപുത്രാദികാൻ മുനീൻ അജിഗ്രഹൽ* (ദേവേന്ദ്രൻ അത്രിപുത്രൻ മുതലായവ മുനിമാരെ ഗ്രഹിപ്പിച്ചു) *തേ അഗ്നിവേശാദികാൻ മുനീൻ അജിഗ്രഹൻ* (അവർ അഗ്നിവേശൻ മുതലായവ മുനിമാരെ ഗ്രഹിപ്പിച്ചു) *തേ തു പൃഥക് തന്ത്രാണി തേനിരേ* (അഗ്നിവേശൻ തുടങ്ങിയ മുനിമാരാകട്ടെ പ്രത്യേകിച്ചു ഗ്രന്ഥങ്ങളെ നിർമ്മിച്ചു).

അജിഗ്രഹത്, അജിഗ്രഹതാം, അജിഗ്രഹൻ ഒരാൾ ഉപദേശിക്കുമ്പോൾ ഏകവചനത്തിൽ അജിഗ്രഹൽ, രണ്ടുപേർ ഉപദേശിക്കുമ്പോൾ ദ്വിവചനത്തിൽ അജിഗ്രഹതാം. രണ്ടിലധികം പേർ ഉപദേശിക്കുമ്പോൾ ബഹുവചനത്തിൽ അജിഗ്രഹൻ. ബ്രഹ്മാവാണ് ആയുർവേദത്തിലെ അറിയപ്പെടുന്ന ആദ്യത്തെ ആചാര്യൻ. ബ്രഹ്മാവ് സ്മരിച്ചിട്ടാണ് സ്വശിഷ്യനായ പ്രജാപതിയ്ക്കുപദേശിച്ചത്. സ്മരിച്ചിട്ടാണ് ഉപദേശിച്ചത് എന്നതുകൊണ്ട്, താൻ അറിഞ്ഞതിനെ, താൻ ബോധ്യപ്പെട്ടതിനെയാണ് ബ്രഹ്മാവ് ഉപദേശിച്ചതെന്നു വരുന്നു. ബ്രഹ്മാവുമുതൽ ദേവേന്ദ്രൻ വരെയുള്ള ആചാര്യന്മാർ പുരാണങ്ങളിൽ പ്രസിദ്ധന്മാരാണ്. പ്രതിപാദനത്തിന്, എന്തും ആരിൽ നിന്നെങ്കിലും ആരംഭിയ്ക്കുന്നതായി കല്പിക്കണമല്ലോ. അങ്ങനെ സങ്കല്പിക്കപ്പെട്ടിട്ടുള്ളതാണ് ബ്രഹ്മാവ്. ബ്രഹ്മാവ് സൃഷ്ടിയുടെ കർത്താവ് എന്നു കീർത്തിയ്ക്കപ്പെട്ടിരിക്കുന്നു. അങ്ങനെ ബ്രഹ്മാവ് ആയുർവേദത്തിന്റെ ആചാര്യനായി. അദ്ദേഹത്തിന്റേതായി ലക്ഷം ശ്ലോകങ്ങളുള്ള ബ്രഹ്മസംഹിത എന്ന ഗ്രന്ഥം പറയ

പ്പെടുന്നു. എന്നാൽ ആയുർവേദം ബ്രഹ്മാവിന്റെ കണ്ടുപിടുത്തമാണെന്നു പറഞ്ഞുകൂടാ. അദ്ദേഹം സ്മരിച്ചിട്ടു ആയുർവേദത്തെ ഉപദേശിച്ചു എന്നതുകൊണ്ട് അദ്ദേഹം ധരിച്ചിരുന്നതിനെ ഉപദേശിച്ചു എന്നു കരുതണം. അഥർവ്വവേദത്തിൽ, രോഗം വരുമ്പോൾ മൃഗങ്ങളും പക്ഷികളും പാമ്പുകളും മനുഷ്യരുമെല്ലാം മരുന്നു സേവിച്ചിരുന്നതായി പറയുന്നു. മനുഷ്യരുടെ ഇടയിൽ ഭിഷക്കുകളുമുണ്ടായിരുന്നതായിപ്പറയുന്നുണ്ട്. എന്നാൽ മൃഗങ്ങളും മറ്റും ആരിൽ നിന്നെങ്കിലും അവരുടെ ഇടയിലുള്ള വൈദ്യന്മാരിൽ നിന്നു പഠിച്ചതായി കരുതുവാൻ നിവൃത്തിയില്ലല്ലോ. രോഗം വരുമ്പോൾ ഔഷധം സേവിയ്ക്കുന്നത് വാസനാസിദ്ധമാണെന്നും, വാസനാസിദ്ധമായ ഔഷധം സാമാന്യമായി സസ്യങ്ങളും വൃക്ഷങ്ങളും ലതകളുമാകുന്ന ഉദ്ഭിജങ്ങളിൽ സ്വാഭാവികമായുള്ളതാണെന്നും വേദങ്ങളിൽ നിന്നു സിദ്ധമാകുന്നു. ആരംഭത്തിൽ ചികിത്സ പ്രാർത്ഥനാരൂപമായിരുന്നു. പ്രാർത്ഥനയുടെ അപര്യാപ്തതകൊണ്ടു പിന്നെയാണ് ഔഷധരൂപമായത് എന്നു ചിലർ കരുതുന്നതിൽ ആലോചനയുടെ കുറവുണ്ടെന്നു തോന്നുന്നു. ജന്തുക്കൾ പ്രാർത്ഥിക്കുന്നതായി കരുതാൻ നിവൃത്തിയില്ലല്ലോ. രോഗം ശമിയ്ക്കുന്നതിനെക്കുറിച്ചുള്ള സങ്കല്പവും പ്രതീക്ഷയുടെ വിശ്വാസവുമാണ് പ്രാർത്ഥനയുടെ രൂപം പ്രാപിച്ചത് എന്നു കരുതുന്നതാകും യുക്തം. മനുഷ്യനും ജന്തുസഹജമായി ഔഷധങ്ങൾ സേവിച്ചാണു തുടങ്ങിയതെങ്കിലും ചിന്തിക്കുന്ന ശീലം വിശേഷിച്ചു മനുഷ്യസ്വഭാവമാകയാൽ, പ്രാർത്ഥനയും ചികിത്സയിൽ ക്രമത്തിൽച്ചേർന്നു എന്നു കരുതുന്നതിലാണ് യുക്തി എന്നു തോന്നുന്നു. വേദമന്ത്രങ്ങൾ സങ്കല്പവും പ്രാർത്ഥനയും അടങ്ങുന്നതാകുന്നു. വൈദികർ കുളിയ്ക്കുന്നതും ഉണ്ണുന്നതും എല്ലാംതന്നെ മന്ത്രപൂർവ്വമായിരുന്നു. ഇപ്പോഴും യാഥാസ്ഥിതികരായ ബ്രാഹ്മണർ അങ്ങനെയാണല്ലോ. പ്രാർത്ഥനാരൂപമായ ചികിത്സയെ ദൈവവ്യപാശ്രയമെന്നു പറയുന്നു. ഈ വസ്തുതകളെല്ലാംവെച്ചാകണം, ചരകൻ,

*പ്രശാമ്യത്യൗഷധൈഃ പൂർവ്വോ ദൈവയുക്തിവ്യപാശ്രയൈഃ*

വാതപിത്തകഫങ്ങൾ കോപിച്ച് ശാരീരമായുണ്ടാകുന്ന രോഗമാണിവിടെ പൂർവ്വമെന്നു പറഞ്ഞിരുന്നത്. അതു ദൈവയുക്തിവ്യപാശ്രയമായ, ദൈവവ്യപാശ്രയവും യുക്തിവ്യപാശ്രയവുമായ ചികിത്സ കൊണ്ടു ശമിയ്ക്കുന്നു എന്നു പറയുന്നു. ദൈവയുക്തിവ്യപാശ്രയൈഃ എന്നു സമസ്തപദമായിപറഞ്ഞിരിയ്ക്കുകയാൽ, രണ്ടും ചേർന്നുള്ള ചികിത്സയെ പൂർണ്ണമാവുകയുള്ളൂ, തികച്ചും ഫലദായകമാവുകയുള്ളൂ എന്ന ആശയം സ്മരിക്കുന്നു. ഇതെല്ലാംതന്നെ പ്രയോജനപ്പെടുന്നത് പ്രകൃതിയിലെ നിയമങ്ങളനുസരിച്ചാണ്, പ്രകൃതിനിയമങ്ങൾ സ്വാഭാവികങ്ങളാകയാൽ, ആയുർവേദവും സ്വാഭാവികമാണെന്നും ശാശ്വതമാണെന്നും (*ശാശ്വതോ ऽയമായുർവ്വേദഃ*) ചരകൻ പറയുന്നു. മനുഷ്യന്നു ജീവിയ്ക്കുന്നതിന്നു ആഹാരവും, രോഗം വന്നാൽ ഉപയോഗിയ്ക്കുന്നതിന്നു ഔഷധവും ആവശ്യമാകയാൽ, അതിനുള്ള ദ്രവ്യങ്ങളെ (സസ്യങ്ങളെ) സൃഷ്ടിച്ചതിന്നുശേഷമാണു മനുഷ്യരെ സൃഷ്ടിച്ചത് എന്നു സുശ്രുതൻ പറയുന്നു. ജന്തുക്കൾക്കും ആഹാരവും ഔഷധവുമാവശ്യമാകയാൽ, ജന്തുസൃഷ്ടിയ്ക്കു മുമ്പുതന്നെ സസ്യസൃഷ്ടിയുണ്ടായി എന്നുപറയുന്നു. പരിണാമവാദത്തിന്റെ (evolution theory) ഒരു സ്ഫുരണം ഈ സുശ്രുതാഭിപ്രായത്തിൽ നിന്നുണ്ടാവുന്നുവല്ലോ. നിരീക്ഷണവും പരീക്ഷണവും കൊണ്ട് പ്രകൃതിപരങ്ങളായ അനുഭവങ്ങളിൽ നിന്നു ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളെ ക്രോഡീകരിച്ച് ശാസ്ത്രരൂപം നൽകിയ ആചാര്യനെയാണ് ബ്രഹ്മാവു പ്രതിനിധീകരിയ്ക്കുന്നത് എന്നു കരുതാം. നിരീക്ഷണപരീക്ഷണങ്ങൾകൊണ്ടാണ് സിദ്ധാന്തങ്ങൾ രൂപം പ്രാപിയ്ക്കുന്നതെന്നു ചരകൻ പറയുന്നുണ്ട്.

*പരീക്ഷകൈഃ ബഹുവിധം പരീക്ഷ്യ*
*ഹേതുഭിശ്ചസാധിതോർത്ഥഃ സിദ്ധാന്തഃ*

പരീക്ഷകർ പലവിധത്തിൽ പരീക്ഷിച്ച് കാരണങ്ങളെക്കൊണ്ടു യുക്തി യുക്തമായി സ്ഥാപിച്ച അഭിപ്രായമാണു സിദ്ധാന്തം. കേവലം ആശയങ്ങളെ ക്രോഡീകരിക്കുന്നതു ശാസ്ത്രമാവുകയില്ല. എന്തുകൊണ്ട് എങ്ങനെ അങ്ങനെയെന്ന ചിന്തയിൽ നിന്നാണു ശാസ്ത്രം ഉടലെടുക്കുന്നത്. അങ്ങനെയുള്ള ചിന്തയിൽ നിന്നുളവാകുന്ന, പിന്നീടുണ്ടാവുന്ന അനുഭവങ്ങളെക്കൂടി വ്യാഖ്യാനിക്കാനും പരിഷ്ക്കരിക്കാനും സഹായിക്കുന്ന തത്വങ്ങളാണു സിദ്ധാന്തങ്ങൾ. പ്രയോഗങ്ങൾക്കു അടിസ്ഥാനമായിരിക്കുന്നതു സിദ്ധാന്തങ്ങളാണ്. അങ്ങനെയുള്ള സിദ്ധാന്തങ്ങളാണു ശാസ്ത്രത്തിന്നു വ്യക്തിത്വം നല്കുന്നത്. അലോപ്പതിയിൽ നിന്നും ഹോമിയോപ്പതിയിൽ നിന്നും മറ്റു ചികിത്സാശാസ്ത്രങ്ങളിൽ നിന്നു ആയുർവേദം വ്യത്യസ്തമായിരിക്കുന്നത് സിദ്ധാന്തങ്ങളിലാണ്. മൗലികങ്ങളായ സിദ്ധാന്തങ്ങളിൽ, ആയുർവേദത്തിന്നൊത്തിരിക്കുന്ന സമ്പ്രദായമേതും ആയുർവേദം തന്നെയാകുന്നു. ആയുർവേദത്തിലെ മൗലികങ്ങളായ പഞ്ചഭൂതസിദ്ധാന്തത്തേയും ത്രിദോഷസിദ്ധാന്തത്തേയും മൗലികമായി അംഗീകരിയ്ക്കുന്ന, തമിഴ്നാട്ടിൽ പ്രചരിയ്ക്കുന്ന സിദ്ധവൈദ്യം, ആയുർവേദത്തിന്റെ പ്രാദേശികമായ വികാസം മാത്രമാണെന്നു പറയാൻ കാരണം അതാകുന്നു. അലോപ്പതിയിലും ഹോമിയോപ്പതിയിലും അംഗീകരിയ്ക്കപ്പെട്ടിരിക്കുന്ന സിദ്ധാന്തങ്ങൾ വ്യത്യസ്തങ്ങളാകുന്നതുകൊണ്ട് അവ വ്യത്യസ്ത ചികിത്സാരീതികളാകുന്നു. ആയുർവേദസിദ്ധാന്തങ്ങൾകൊണ്ട് അവയേയും ഒട്ടൊക്കെ വ്യാഖ്യാനിക്കാൻ കഴിയുമെന്നതു മറ്റൊരു സംഗതിയാകുന്നു.

ആയുർവേദം എന്നുപറയാതെ, ആയുസ്സിന്റെ വേദം എന്നു പറഞ്ഞതിന്നും പ്രത്യേകമായ താൽപര്യമുണ്ട്. അക്കാലത്തുണ്ടായിരുന്ന ജീവിതത്തോടുബന്ധപ്പെട്ട എല്ലാവിഷയങ്ങളെക്കുറിച്ചുള്ള അറിവുകളെ കഴിയുന്നേടത്തോളം, ക്രോഡീകരിച്ചിട്ടുള്ളതാണു വേദം. അങ്ങനെ ക്രോഡീകരിയ്ക്കപ്പെടാതെ പിന്നെയുമറിവുകൾ അവശേഷിയ്ക്കുന്നു

ണ്ടെന്നു വേദത്തിൽത്തന്നെ പറഞ്ഞിട്ടുണ്ട്. ക്രോഡീകരിയ്ക്കപ്പെട്ട അറിവുകൾ, ആദ്യം മൂന്നുവകയിലും, (ഋഗ്വേദം, യജുർവേദം, സാമവേദം) പിന്നെ അഥർവവേദവും ചേർത്ത് നാലുവകയായും വിഭജിക്കപ്പെട്ടു. അങ്ങനെയുള്ള നാലുവേദങ്ങളിലും രോഗാരോഗ്യചികിത്സാവിഷയങ്ങൾ അടങ്ങിയിരുന്നു. അവയിൽ നിന്നു ആയുസ്സിനെ സംബന്ധിച്ച വേദത്തെ (അറിവിനെ) വിശിഷ്ടമായ ക്രമത്തിൽ സംഗ്രഹിച്ചു ക്രോഡീകരിച്ചപ്പോഴാണ് ആയുർവേദമെന്ന സംജ്ഞയുണ്ടായത്. വേദത്തിൽ ഒരിടത്തും ആയുർവേദം എന്ന സംജ്ഞ കാണുന്നില്ല. വേദങ്ങളിൽ നിന്നു ആയുസ്സിന്റെ വേദത്തെ വേർതിരിച്ചു ഓർമ്മിച്ചെടുത്താണ് ബ്രഹ്മാവ് പ്രജാപതിയ്ക്കുപദേശിച്ചത്. ആയുസ്സിന്റെ വേദം, സമഗ്രവും സംക്ഷിപ്തവുമായി ആയുർവേദമെന്ന ശാസ്ത്രമായി പരിണമിച്ചു. വേദമെന്നത് കേവലമായ അറിവാണ്. കാര്യകാരണബന്ധത്തോടുകൂടി ക്രമപ്പെടുത്തുമ്പോഴാണ് ശാസ്ത്രമാകുന്നത്.

കൃഷി, പശുപാലനം, വാണിജ്യമെന്നിവയോടൊപ്പം, വൈശ്യകർമ്മമായാണു പൗരാണിക കാലത്തു ആയുർവേദം കല്പിക്കപ്പെട്ടിരുന്നത്. തുടക്കത്തിൽ കൃതയുഗത്തിൽ, വർണ്ണഭേദം ഉണ്ടായിരുന്നില്ലെന്നും ക്രമത്തിൽ ഉണ്ടായിവന്ന വർണ്ണഭേദം എത്ര ദീർഘമായ കാലത്തിന് ശേഷമാണെങ്കിലും ശിഥിലമാവുകയാണ് ചെയ്യുന്നതെന്നും പറയണം. അശ്വിനീദേവകൾ വൈദ്യന്മാരായിരുന്നു എന്നു പുരാണത്തിലുണ്ട്. തൊഴിലെന്ന നിലയിൽ വൈദ്യം വൈശ്യവൃത്തിയായിരുന്നുവെങ്കിലും ജ്ഞാനമെന്നനിലയിൽ താൽപര്യമുള്ള ഏതു വർണ്ണത്തിൽപ്പെട്ടിരിക്കുന്നവർക്കും പഠിയ്ക്കാമായിരുന്നു. ജ്ഞാനത്തിൽ ദീക്ഷിയ്ക്കുന്ന സമ്പ്രദായമുള്ള ബ്രാഹ്മണർ പ്രത്യേകിച്ചു പഠിച്ചിരുന്നു എന്നു കരുതണം. കേരളത്തിൽ പ്രാചീനമായിത്തന്നെ എല്ലാജാതിയിലും പെട്ടവരിലും വൈദ്യൻമാരുമുണ്ടായിരുന്നു കാണാം. ബ്രാഹ്മണരിൽപ്പെട്ട അഷ്ടവൈദ്യന്മാരുടെ ഇടയിൽ സംസ്കൃതഭാഷയുടെ പഠനവും

സംസ്കൃതത്തിൽ രചിക്കപ്പെട്ട ഗ്രന്ഥങ്ങളുടെ പഠനവും പ്രത്യേകിച്ചു നടപ്പിലാക്കിയിരുന്നു.

കായചികിത്സാപ്രധാനമായ ആയുർവേദത്തിന്റെ പാരമ്പര്യത്തെയാണ് ഇവിടെ പറയപ്പെട്ടത്.

*ബ്രഹ്മദക്ഷാശ്വിമഘവദാത്രേയാദീൻ നതോ/സ്മ്യഹം*
*ആയുർവേദവിദോ വൈദ്യാൻ ലോകത്രയഹിതൈഷിണഃ*

പാൽക്കടൽ കടഞ്ഞപ്പോൾ അമൃതകലാശഹസ്തനായി ആവിർഭവിച്ച ആയുർവേദത്തിന്റെ സ്വരൂപനായ ധന്വന്തരി രോഗംകൊണ്ടു ക്ലേശിക്കുന്ന ലോകത്തേക്ക് അലിവോടെ ഭൂമിയിൽ ജനിച്ച് ആയുർവേദം പ്രചരിപ്പിക്കുന്നതിന് ദേവന്മാർ നിർദ്ദേശിച്ചു. ധന്വന്തരി കാശിരാജാവായ ദിവോദാസനായി അവതരിച്ചു. സുശ്രുതനെ നേതാവാക്കിത്തന്നെ സമീപിച്ച മഹർഷിമാർക്ക് ശല്യതന്ത്രത്തെ പ്രധാനമാക്കി ആയുർവേദത്തെ ഉപദേശിച്ചു. ദിവോദാസൻ ഉപദേശിച്ചതിനെ ക്രോഡീകരിച്ചതാണു സുശ്രുതം. കാശ്യപൻ, വസിഷ്ഠൻ, അത്രി, ഭൃഗു, എന്ന നാല് മഹർഷിമാർക്ക് ഇന്ദ്രൻ ആയുർവേദത്തെ ഉപദേശിച്ചു എന്നു കൗമാരഭൃത്യത്തിൽ (ബാലചികിത്സയിലെ പ്രാമാണികഗ്രന്ഥമായ കാശ്യപസംഹിതയിൽ കാണുന്നു. ജീവിതത്തെ സംബന്ധിച്ച വേദസാരമാകയാൽ അഞ്ചാമത്തെ വേദമായ ആയുർവേദത്തെ ബ്രഹ്മാവ് സൂര്യനുപദേശിച്ചു എന്നു ബ്രഹ്മവൈവർത്തപുരാണത്തിൽ കാണുന്നു. സൂര്യനാണ് ലോകത്തിൽ ആയുർവേദത്തെ പ്രചരിപ്പിച്ചതത്രേ. അഗ്നിദേവനിൽ കൂടിയുള്ള ആയുർവേദത്തിന്റെ പ്രചാരത്തെക്കുറിച്ച് അഗ്നിപുരാണത്തിൽ കാണാം. ഇങ്ങനെ പലേ പാരമ്പര്യത്തോടുകൂടി ആയുർവേദം വിവിധങ്ങളായ ശാഖകൾക്കു പ്രാധാന്യത്തോടുകൂടി ലോകത്തിൽ പ്രചരിച്ചിരുന്നു എന്നാണ് ഐതിഹ്യം. ഓരോ ശാഖയിലും അനേകം ഗ്രന്ഥങ്ങൾ രചിയ്ക്കപ്പെട്ടിരുന്നു. ഈ ഗ്രന്ഥങ്ങൾ മഹർഷിമാരുടെ

സദസ്സുകളിൽ ചർച്ചചെയ്യപ്പെട്ടുവെന്നും, യോഗ്യമെന്നു അംഗീകരിയ്ക്കപ്പെട്ടവ ലോകത്തിൽ പ്രചരിച്ചുവെന്നും കാണുന്നു.

*വിവിധാനി ഹി ശാസ്ത്രാണി ഭിഷജാം പ്രഥന്തേ ലോകേ പ്രചരന്തി*

ശാസ്ത്രശബ്ദത്തിന്നു ഇവിടെ ഗ്രന്ഥമെന്നർത്ഥം. ലോകത്തിൽ വൈദ്യസംബന്ധങ്ങളായി പലതരത്തിലുള്ള അനേകം ഗ്രന്ഥങ്ങൾ പ്രചരിയ്ക്കുന്നുണ്ട്. അവയിൽ നിന്നു എറ്റവും യുക്തമായിട്ടുള്ളതിനെ തെരെഞ്ഞെടുത്ത് പഠനപാഠനങ്ങൾക്കു ഉപയോഗിക്കണം എന്നു ചരകത്തിൽ പറഞ്ഞിരിയ്ക്കുന്നു.

പ്രാചീനഗ്രന്ഥങ്ങളിൽ നിന്നു അറിയപ്പെടുന്ന ആയുർവേദത്തിന്റെ ചരിത്രത്തിന്റെ ഏകദേശരൂപമാണിത്.

*മന്ത്രായുർവേദപ്രാമാണ്യവത് തൽപ്രാമാണ്യം ആപ്തപ്രാമാണ്യാൽ*

മന്ത്രത്തിന്റേയും ആയുർവേദത്തിന്റേയും പ്രാമാണ്യംപോലെ വേദത്തിന്റെ പ്രാമാണ്യം ആപ്തന്മാരുടെ പ്രാമാണ്യം കൊണ്ടുണ്ടാകുന്നു എന്നു ന്യായദർശനത്തിൽ കാണുന്നു. മന്ത്രവും ആയുർവേദവും പഠിച്ചറിഞ്ഞു സിദ്ധിവരുത്തി പ്രയോഗിക്കുമ്പോൾ പ്രത്യക്ഷഫലദർശനമാകുന്നു. അതിന്നുകാരണം അവയുടെ കർത്താക്കൾ ആപ്തന്മാരാകുന്നു. തപസ്സുകൊണ്ടും യോഗംകൊണ്ടും ബുദ്ധിയേയും മനസ്സിനേയും സംസ്ക്കരിച്ച് യഥാർത്ഥത്തെ അറിഞ്ഞു, യഥാർത്ഥമായി പ്രതിപാദിക്കുന്നവരാണു ആപ്തന്മാർ. ആപ്തന്മാരാൽ ഉപദേശിയ്ക്കപ്പെട്ടിരിക്കുകകൊണ്ടു വേദവും പ്രമാണമാകുന്നു. വേദത്തിന്റെതന്നെ ഭാഗമാകയാൽ, ഈ വിഷയത്തിൽ മന്ത്രായുർവേദങ്ങളെ എങ്ങനെ ഉദാഹരിയ്ക്കാമെന്നതിന്നു സ്ഥാലീപുലാകന്യായമെന്നു സമാധാനം പറഞ്ഞിരിക്കുന്നു. ഒരു വലിയ പാത്രത്തിൽ അരി വെന്തുകൊണ്ടിരിക്കു

മ്പോൾ, രണ്ടുവറ്റെടുത്തു പരീക്ഷിച്ച്. *അരി വെന്തു, വാർക്കാം* എന്നു നി ശ്ചയിക്കുന്നതുപോലെ എന്നു താല്പര്യം. അക്കാലത്തു ആയുർവേദ ത്തിന്നു സിദ്ധിച്ചിരുന്ന പ്രാമാണ്യവും പ്രശസ്തിയും ഈ ഉദാഹരണ ത്തിൽ നിന്നു വ്യക്തമാകുന്നു. പഠിയ്ക്കുകയും പ്രയോഗിക്കുകയും ചെയ്യുന്നതിലെ അപര്യാപ്തതകളാണ് ആയുർവേദത്തിന്ന് ഇക്കാലത്ത് അനുഭവപ്പെടുന്ന അപര്യാപ്തതയ്ക്കു കാരണമെന്നു വിചാരിയ്ക്കണം.

ഇപ്പറയപ്പെട്ടത് ആയുർവേദത്തിന്റെ വസ്തുനിഷ്ഠമായ ചരിത്രമല്ല. അതറിയുന്നതിന്ന്, ആര് എന്ന് എപ്പോൾ എങ്ങനെ എത്ര എന്നു കൃത്യമായി രേഖപ്പെടുത്തപ്പെട്ട ചരിത്രം ആയുർവേദത്തിന്നുണ്ടെന്നു തോന്നുന്നില്ല. ആ വിഷയത്തിൽ ആധുനികർ ചെയ്തിട്ടുള്ള പരിശ്രമ ങ്ങൾ പലതരത്തിലുള്ള പക്ഷപാതങ്ങൾകൊണ്ടും പക്ഷഭേദങ്ങൾ കൊണ്ടും കലുഷവുമായിരിക്കുന്നു.

ഇത്ര വളരെ ഗ്രന്ഥങ്ങളുള്ളപ്പോൾ, എന്തിന്നു നൂതനമായ ഗ്രന്ഥമെഴു തുന്നു എന്നു സംശയത്തിന്നു വാഗ്ഭടൻ തന്റെ ഗ്രന്ഥത്തിന്റെ ഔചിത്യ ത്തേയും അപൂർവതയേയും (വ്യത്യസ്തതയേയും) വ്യക്തമാക്കുന്നു.

***തേഭ്യോ ഽതിവിപ്രകീർണേഭ്യഃ പ്രായസ്സാരതരോച്ചയഃ***
***ക്രിയതേ ഽഷ്ടാംഗഹൃദയം നാതിസംക്ഷേപവിസ്തരം***

*അതിവിപ്രകീർണേഭ്യഃ തേഭ്യഃ* (വിഷയങ്ങൾ ചിന്നിച്ചിതറിക്കിടക്കുന്ന അവയിൽ നിന്ന്) *പ്രായഃ* (മിയ്ക്കവാറും) *സാരതരോച്ചയഃ* (അധികം സാരങ്ങളായ വിഷയങ്ങളുടെ ക്രോഡീകരണമായി) *നാതിസംക്ഷേ പവിസ്തരം* (അധികം സംക്ഷേപിയ്ക്കാതെയും അധികം വിസ്തരി യ്ക്കാതെയും) *അഷ്ടാംഗഹൃദയം ക്രിയതേ* (അഷ്ടാംഗഹൃദയം എന്ന ഗ്രന്ഥം രചിയ്ക്കപ്പെടുന്നു.)

അവയിൽ വിഷയങ്ങളുടെ പ്രതിപാദനം അടുക്കും ചിട്ടയുമായുള്ളതല്ല, ചിലതിൽ ചിലതു വിസ്തരിച്ചു അധികമായി പറഞ്ഞിരിയ്ക്കുന്നു. മറ്റു ചിലതിൽ മറ്റുവേറേ ചിലതാകും വിസ്തരിച്ചു പറഞ്ഞിരിയ്ക്കുക. പറഞ്ഞിട്ടുള്ളതു തന്നെ അനുപൂർവ്വിയോടുകൂടി ക്രമം നോക്കിയാവുകയില്ല. ആയുർവേദത്തെ സമഗ്രമായി ഗ്രഹിയ്ക്കുന്നതിന്നു അനേകം ഗ്രന്ഥങ്ങളെ സമഗ്രമായി പഠിയ്ക്കേണ്ടിയിരിക്കുന്നു. അതിന്നു വളരെ ക്ലേശവും വളരെക്കാലവും വേണ്ടിവരും. ആചാര്യൻ ഉപസംഹാരത്തിൽ പറയുന്നതുപോലെ, പുരുഷായുഷസംക്ഷയം സംഭവിയ്ക്കുന്നു. ജീവിതകാലം മുഴുവൻതന്നെ പഠിയ്ക്കാൻവേണ്ടി പൊയ്പ്പോകും. പിന്നെ ലോകത്തിന്നു പ്രയോജനകരായി പ്രയോഗിയ്ക്കുന്നതിന്നു മിക്കവാറും അവസരമുണ്ടാവുകയില്ലല്ലോ. ശാസ്ത്രത്തിന്റെ ഏകദേശത്തിന്റെ ജ്ഞാനം, സമഗ്രമായ ശാസ്ത്രത്തിന്റെ പശ്ചാത്തലത്തിലേ വ്യക്തമാവുകയുള്ളൂ. അതുകൊണ്ട് അധ്യേതാക്കളുടെ സൗകര്യത്തിന്നു വേണ്ടി നൂതനമായൊരു ഗ്രന്ഥം ആവശ്യമായതുകൊണ്ടാണ് അധികം വിസ്തരിച്ചും അധികം ചുരുക്കിയുമല്ലാതെ അഷ്ടാംഗഹൃദയമെന്ന നൂതനമായ ഗ്രന്ഥം രചിയ്ക്കപ്പെടുന്നത്. ഇതുകൊണ്ട് യോഗ്യതയുള്ള അധ്യേതാക്കൾക്ക് ആയുർവേദം എന്ന ശാസ്ത്രത്തെ അനായാസമായി ഗ്രഹിയ്ക്കാൻ കഴിയും.

*ഹൃദയമിവ ഹൃദയമേതൽ സർവ്വായുർവേദവാങ്മയപയോധേഃ*

ഇതുവരെ ആയുർവേദത്തെക്കുറിച്ച് എഴുതപ്പെട്ട എല്ലാ ഗ്രന്ഥങ്ങളുമാകുന്ന സമുദ്രത്തിന്റെ ഹൃദയം (സാരസർവ്വസ്വം) ആണ് ഈ അഷ്ടാംഗഹൃദയം. ഹൃദയത്തിൽ നിന്നുള്ള രക്തത്തിന്റെ പ്രവാഹമാണല്ലോ, ശരീരത്തെ ആകെമാനം സംരക്ഷിയ്ക്കുന്നത്. അതുപോലെ അഷ്ടാംഗഹൃദയത്തിന്റെ പഠനം, സമഗ്രമായ ആയുർവേദത്തിന്റെ ജ്ഞാനത്തെയും പോഷിപ്പിയ്ക്കുന്നു. അഷ്ടാംഗഹൃദയം സമഗ്രമായ

ആയുർവേദത്തെയും പ്രകാശിപ്പിയ്ക്കുന്ന ജ്ഞാനദീപമാകുന്നു എന്നു താല്പര്യം. അധികം സംക്ഷേപിച്ചാൽ പലദിക്കിലും വിഷയം അവ്യക്തമാകും. അതിവിസ്തരംകൊണ്ടാകട്ടെ, ഗ്രന്ഥത്തിന്റെ ഉദ്ദേശം തന്നെ നഷ്ടമാകും. മൗലികസിദ്ധാന്തങ്ങളുടെ പ്രതിപാദനവും ഉദാഹരണവുമെന്നനിലയിൽ കായചികിത്സയെ പ്രധാനമായും പശ്ചാത്തലമാക്കി മറ്റെല്ലാ അംഗങ്ങളെയും സാരതമമായി പ്രതിപാദിച്ചിരിയ്ക്കുന്നു. മുമ്പു തന്നെ ആചാര്യൻ എല്ലാ ഗ്രന്ഥങ്ങളിലെയും സാരങ്ങളെ ഉച്ചയിച്ചിട്ടുള്ള അഷ്ടാംഗസംഗ്രഹമെന്ന ഗ്രന്ഥത്തെ സങ്കലനം ചെയ്തിരുന്നു.

*അഷ്ടാംഗവൈദ്യകമഹോദധിമന്ഥനേന*
*അഷ്ടാംഗസംഗ്രഹമഹാമൃതരാശിരാപ്തഃ*
*തസ്മാദനല്പഫലമല്പസമുദ്യമാനാം*
*പ്രീത്യർത്ഥമേതദുദിതം പൃഥഗേവ തന്ത്രം*

ആയുർവേദത്തിന്റെ എട്ടംഗങ്ങളെയും പ്രതിപാദിക്കുന്ന എല്ലാ ഗ്രന്ഥങ്ങളെയും കടഞ്ഞു സാരമായ അഷ്ടാംഗസംഗ്രഹത്തെ, പാൽക്കടൽ കടഞ്ഞ് അമൃതത്തെ എന്നപോലെ, മുമ്പുതന്നെ സമ്പാദിച്ചിരുന്നു. അത്രയൊന്നും ക്ലേശിക്കുവാൻ സമയവും കഴിവുമില്ലാത്തവരുടെ തൃപ്തിയ്ക്കുവേണ്ടി അതിൽനിന്ന്, അധികം സാരങ്ങളെ ക്രോഡീകരിച്ചുകൊണ്ട് പ്രത്യേകമായൊരു ഗ്രന്ഥം രചിയ്ക്കപ്പെട്ടതാണ് അഷ്ടാംഗഹൃദയം.

*ഏതൽ പഠൻ സംഗ്രഹബോധസക്തഃ*
*സ്വഭ്യസ്തകർമ്മാ ഭിഷഗപ്രകമ്പ്യഃ*
*ആകമ്പയത്യന്യവിശാലതന്ത്ര-*
*കൃതാഭിയോഗാൻ യദി തന്ന ചിത്രം*

അഷ്ടാംഗഹൃദയത്തെ പഠിയ്ക്കുകയും ഒപ്പം തന്നെ അഷ്ടാംഗസംഗ്രഹത്തെ അതാതു വിഷയത്തിലുള്ള അധികജ്ഞാനത്തിനു വേണ്ടി

നോക്കി മനസ്സിലാക്കുകയും പ്രായോഗികമായ പരിശീലനം നേടിയെടുക്കുകയും ചെയ്ത് ചികിത്സകനായിത്തീരുന്നവൻ മറ്റു വിസ്തരിച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽ ക്ലേശിച്ചു പഠിച്ചിട്ടുള്ളവരെ വിറപ്പിയ്ക്കുന്നുവെന്നതിൽ അത്ഭുതമില്ല. *പഠൻ* എന്നതിന്നു *കണ്ഠേ ദധൽ* പലപ്രാവശ്യം വായിച്ചുകാണാതെ തോന്നണമെന്നു താൽപര്യം. പഠൻ എന്നതു വർത്തമാന കാലപ്രയോഗമാകയാൽ അന്നന്നു പഠിയ്ക്കുന്ന വിഷയത്തിന്റെ വിശദവും, വിസ്തൃതവുമായ അവബോധത്തിന്നുവേണ്ടി അർത്ഥത്തെ ചിന്തിയ്ക്കുമ്പോൾ, സംഗ്രഹത്തേയും നോക്കിമനസ്സിലാക്കണമെന്നു താൽപര്യം വരുന്നു. അഷ്ടാംഗഹൃദയം മുഴുവൻ പഠിച്ചതിന്നുശേഷം അഷ്ടാംഗസംഗ്രഹം നോക്കുക എന്നത്, പ്രത്യേകിച്ചു ചികിത്സാവൃത്തിയിൽ ഏർപ്പെട്ടുകഴിഞ്ഞാൽ പ്രായോഗികമല്ലല്ലോ.

*സംജ്ഞാം നിമിത്തം കർത്താരം*
*പരിമാണം പ്രയോജനം*
*പ്രാഗുക്ത്വാ സർവ്വതന്ത്രാണാം*
*പശ്ചാദ്വ്യാഖ്യാനുവർണ്ണയേൽ*

സംജ്ഞ, നിമിത്തം, കർത്താവ്, പരിമാണം (വലിപ്പം), പ്രയോജനം എന്നിവയെ പറഞ്ഞിട്ടുവേണം വ്യഖ്യാതാവ് ഏത് ഗ്രന്ഥത്തേയും വിസ്തരിച്ചു അർത്ഥം വിശദീകരിയ്ക്കുന്നതിന്ന്. ഇതു അധ്യേതാക്കളുടെ ശ്രദ്ധയെ ആകർഷിക്കുകയും വളർത്തുകയും ചെയ്യുന്നതിന്നാണ്. ഇവിടെ സംജ്ഞ (പേര്) അന്വർത്ഥമായ അഷ്ടാംഗഹൃദയമെന്നതാണ്. നിമിത്തം (ഗ്രന്ഥരചനയ്ക്കുള്ള കാരണം) അതിവിപ്രകീർണ്ണങ്ങളായ പൂർവ്വഗ്രന്ഥവിഷയങ്ങളെ നാതിസംക്ഷേപവിസ്തരമായി ക്രോഡീകരിച്ച്, സാരതരങ്ങളെ സംഗ്രഹിച്ച്, അധ്യേതാക്കൾക്കു ശാസ്ത്രപഠനത്തിന്നു സൗകര്യമുണ്ടാക്കുന്നതിലുള്ള താൽപര്യമാണ്. കർത്താവ് (രചയിതാവ്) വാഗ്ഭടൻ എന്ന പാരമ്പര്യം കൊണ്ടും സൂചനകൊണ്ടും അറിയപ്പെടുന്നു. അഷ്ടാംഗഹൃദയത്തിന്റെ ഉപസംഹാരത്തിൽ സ്വക്യ

തിയെന്നു സൂചിപ്പിച്ചിട്ടുള്ള സംഗ്രഹത്തിന്റെ ഉപസംഹാരത്തിൽ,

*ഭിഷഗ്വരോ വാഗ്ഭട ഇത്യഭൂന്മേ*
*പിതാമഹോ നാമധരോ ∫സ്മി യസ്യ*
*സുതോ ∫ഭവത്തസ്യ ച സിംഹഗുപ്ത-*
*സ്തസ്യാപ്യഹം സിന്ധുഷു ലബ്ധജന്മാ*

എന്റെ മുത്തച്ഛൻ വാഗ്ഭടൻ എന്ന ഭിഷഗ്വരനാണ്. അദ്ദേഹത്തിന്റെ പേരാണ് എനിക്കുള്ളത്. മുത്തച്ഛനായ വാഗ്ഭടന്റെ മകൻ സിംഹഗുപ്തൻ, അദ്ദേഹത്തിന്റെ മകനാണു ഞാൻ. സിന്ധുദേശത്താണു ജനിച്ചത്.

*സമധിഗമ്യ ഗുരോരവലോകിതാൽ*
*ഗുരുതരാച്ച പിതുഃ പ്രതിഭാം മയാ*
*സുബഹുഭേഷജശാസ്ത്രവിലോകനാൽ*
*സുവിഹിതോം ∫ഗവിഭാഗവിനിർണ്ണയഃ*

അവലോകിതേശ്വരൻ എന്ന ഗുരുവിൽനിന്നും, ഗുരുവിനേക്കാൾ ഗൗരവമേറിയ അച്ഛനിൽനിന്നും ശാസ്ത്രത്തേയും ശാസ്ത്രചിന്തയേയും അഭ്യസിച്ചതിന്നുശേഷം വളരെയധികം വൈദ്യഗ്രന്ഥങ്ങളെ പരിശോധിച്ച എന്നാൽ ആയുർവേദത്തിലെ എട്ട് അംഗങ്ങളുടെ വിഭാഗങ്ങളും വിഷയങ്ങളും വഴിപോലെ അറിഞ്ഞു ക്രോഡീകരിയ്ക്കപ്പെട്ടു. നീലമേഘഭിഷക്കിന്റെ തന്ത്രയുക്തിവിചാരമെന്ന ഗ്രന്ഥത്തിൽ വാഗ്ഭടൻ ഇങ്ങനെ സ്മരിയ്ക്കപ്പെട്ടിരിക്കുന്നു.

*ആത്തബുദ്ധിരവലോകിതേശ്വരാൽ*
*സംഘഗുപ്തകുലസിന്ധുചന്ദ്രമാഃ*
*രാമഗുപ്ത ഇഹ വാഗ്ഭടാഖ്യയാ*
*ഖ്യാതിമാൻ സ ഭിഷഗാവിരസ്തു നഃ*

അവലോകിതേശ്വരനിൽ നിന്നു ശാസ്ത്രം പഠിച്ചവനും, സംഘഗുപ്ത

ന്റെ വംശമാകുന്ന സമുദ്രത്തിൽനിന്നുണ്ടായ ചന്ദ്രനും കേരളത്തിൽ വാഗ്ഭടനെന്ന പേരിൽ പ്രസിദ്ധനുമായ രാമഗുപ്തനെന്ന ആ ഭിഷക്ക് എന്റെ മനസ്സിൽ പ്രത്യക്ഷപ്പെടട്ടെ. അവലോകിതേശ്വൻ എന്ന പേര് ബൗദ്ധസാധാരണമാകുന്നു. വാഗ്ഭടകൃതികളിൽക്കാണുന്ന ബൗദ്ധ സംസ്ക്കാരം ആ ഗുരുവിൽനിന്നു സിദ്ധിച്ചതാകണം. എന്നാലും വാഗ്ഭടൻ വൈദികപാരമ്പര്യത്തെ നിഷേധിച്ചില്ല. പുംസവനത്തെക്കുറിച്ചു പറയുമ്പോൾ,

*ശൂദ്രായാഃ മന്ത്രവർജിതം*

ശുദ്രസ്ത്രീയ്ക്കു മന്ത്രം കൂടാതെ ക്രിയ ചെയ്യണമെന്നു പറഞ്ഞിരിക്കുന്നു.



Vaidyabhushanam K. Raghavan Thirumulpad Foundation (VKRT Foundation) for Ayurvedic Studies is a registered trust established by the late Padmabhushan Vaidyabhushanam K. Raghavan Thirumulpad with a strong back up of his *Sishyas*. This foundation is meant basically for setting up an elaborate platform for learning, debating, and propagating Ayurveda in its original context among the wide population of academic experts, clinical practitioners and students. It was inaugurated by Aryavaidyan Padmasri P. K. Warrier in the year 2000 on the 80th birthday celebrations of Sri Thirumulpad.

The Foundation is engaged in an array of activities, all focused for the cause of Sastrik Ayurveda. It ranges from the celebration of Vidyarambham the ritualistic initiation of learning by the guru to organizing lectures and continuing education programs; from conducting essay competitions for the students of Ayurveda and Sanskrit to the publication of books especially those highlighting the Kerala tradition of Ayurveda; and from the publication of VKRTF Vaidya Samvadam, a quarterly journal in Malayalam to maintain and moderate an internet discussion forum, VAIDYAKAM which is active with the participation of many scholars from both India and abroad.

Details
**VAIDYABHUSHANAM**
**K. RAGHAVAN THIRUMULPAD FOUNDATION**
**FOR AYURVEDIC STUDIES**
Raja Vihar, Palace Road, Chalakudy
Thrissur 680 307 Kerala